**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69** | **02-02-2026 - ൽ മറുപടിയ്ക്ക്**

**ജലചൂഷണം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും ജലചൂഷണം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളും, സ്ഥാപനങ്ങളും ഭൂജല ചൂഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാണിജ്യ - വ്യവസായ ആവശ്യങ്ങൾക്കായി ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി (NOC) നിർബന്ധമാണ്. നിലവിൽ ഭൂജല ചൂഷണവുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന പരാതികളിലും ഭൂജല ചൂഷണം ശ്രദ്ധയിൽ പെടുന്ന സ്ഥാപനങ്ങളിലും ഭൂജലവകുപ്പ് കർശനമായ പരിശോധനകൾ നടത്തുകയും, നിയമലംഘനം കണ്ടെത്തുന്ന പക്ഷം അനധികൃത ഭൂജല ഉപയോഗത്തിന് പിഴ ഈടാക്കുകയും സ്റ്റോപ്പ് മെമ്മോ നൽകുന്നതിനും, ലൈസൻസ് റദ്ദ് ചെയ്യുന്നതിനുമായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ശിപാർശ റിപ്പോർട്ട് നൽകുകയും ചെയ്തു വരുന്നു. കൂടാതെ അതോറിറ്റിയുടെ NOC ഇല്ലാതെ അനധികൃത ഭൂജല ഉപയോഗമുള്ള വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്നിവയുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നൽകിയ ലൈസൻസുകളുടെ വിശദാംശങ്ങൾ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ലഭ്യമായ വിശദാംശങ്ങളിൽ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി സർക്കാർ വകുപ്പുകളോ സ്വകാര്യ സ്ഥാപനങ്ങളോ ജലസ്രോതസ്സുകൾ ഉപയോഗിക്കുന്ന കാര്യത്തിൽ നിലവിലുള്ള നിയമങ്ങളും സർക്കാർ ഉത്തരവുകളും കർശനമായി പാലിച്ചുകൊണ്ടാണ് ജലസേചന വകുപ്പിൽ നിന്നും ജലമെടുക്കുന്നതിനുള്ള NOC |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി അനുമതി നൽകുന്നത്. ബന്ധപ്പെട്ട വകുപ്പുകളുടെ മുൻകൂർ അനുമതിയോടെയും, പരിസ്ഥിതി ചട്ടങ്ങൾ പാലിച്ചുകൊണ്ടുമാണ് ജല ഉപയോഗം അനുവദിക്കുന്നത്. പൊതുജനങ്ങൾക്ക് ദോഷകരമാകുന്ന തരത്തിലുള്ള ജലചൂഷണം അനുവദിക്കുന്നതല്ല. എന്നാൽ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും ജല ചൂഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവ്വേഷൻ ആക്റ്റ് 2003 ലെ ചാപ്റ്റർ 13 സെക്ഷൻ 70(1) പ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | അശാസ്ത്രീയമായ ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | അശാസ്ത്രീയമായ ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിനും ഭൂജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കേരള പഞ്ചായത്ത്/മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് അനുസരിച്ച്, ഏതൊരു കിണർ നിർമ്മാണത്തിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ മുൻകൂർ പെർമിറ്റ് കരസ്ഥമാക്കേണ്ടത് നിർബന്ധമാണ്. ഇതിൽ കുഴൽക്കിണറുകളുടെ (Borewells) നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നത് ഭൂജല വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാകണം എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യാവസായിക/അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ഭൂജലസ്രോതസ്സുകളുടെ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നേടേണ്ടതും ടി ആവശ്യങ്ങൾക്കായി ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപപത്രം (NOC) കരസ്ഥമാക്കേണ്ടതും നിർബന്ധമാണ്. ഇത്തരം അനുമതികൾ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന ഭൂജല അതോറിറ്റി NOC ലഭ്യമാക്കിയ സ്ഥാപനങ്ങളിൽ, അനുവദിക്കപ്പെട്ട അളവിൽ മാത്രം ഭൂജലം ഉപയോഗിക്കുന്നു എന്ന് നിരീക്ഷിക്കുവാൻ ഡിജിറ്റൽ വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, പ്രദേശത്തെ സുസ്ഥിര ഭൂജല ലഭ്യത ഉറപ്പു വരുത്തുന്നതിനായി മഴവെള്ള സംഭരണവും, കൃത്രിമ ഭൂജല റീചാർജ്ജിംഗ് സംവിധാനങ്ങളും ഭൂജല വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | വാണിജ്യ വ്യവസായ ആവശ്യങ്ങൾക്ക് ജലസ്രോതസ്സിൽ നിന്നും ജലം എടുക്കേണ്ടതിന് ജലസേചന വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും NOC ലഭ്യമാക്കേണ്ടതുണ്ട്. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവ്വേഷൻ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചാണ് NOC അനുവദിക്കുന്നത്. വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും ജല ചൂഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവ്വേഷൻ ആക്ട് 2003 ലെ ചാപ്റ്റർ 13 സെക്ഷൻ 70(1) പ്രകാരം ' Whoever contravenes the provisions of sub-section (1) of section 4 or sub-section (1) of section 5 shall, on conviction, be punished with imprisonment for a term which may extend to one year or with fine which may extend to five thousand rupees or with both' അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | ഭൂജലത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | **2008-ലെ കേരള സംസ്ഥാന ജലനയം പ്രകാരം (State Water Policy 2008)** ജലത്തിന്റെ ഉടമസ്ഥാവകാശം ഒരു പൊതുവിഭവമെന്ന നിലയിൽ സംസ്ഥാനത്തിൽ നിക്ഷിപ്തമാണ്; എന്നാൽ വ്യക്തികൾക്കും സമൂഹങ്ങൾക്കും സേവനദാതാക്കൾക്കും അതിന്റെ ഉടമസ്ഥാവകാശം ഇല്ലാതെ തന്നെ ജലം ഉപയോഗിക്കാനുള്ള അവകാശമുണ്ട്. |
| (ഡി) | ഭൂജല ഉപയോഗത്തിൽ എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | ഭൂജല ഉപയോഗവുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസ്ഥകളും നിബന്ധനകളും പ്രകാരം വാണിജ്യ, വ്യവസായ അടിസ്ഥാന സൗകര്യ വികസന ആവശ്യങ്ങൾക്കായി ഭൂഗർഭജലം ഉപയോഗിക്കുന്ന ഏതൊരു സ്ഥാപനവും **സംസ്ഥാന ഭൂജല അതോറിറ്റിയുടെ** NOC കരസ്ഥമാക്കേണ്ടതുണ്ട്. ശാസ്ത്രീയ പരിശോധനകളുടെ അടിസ്ഥാനത്തിൽ ഭൂജല സുസ്ഥിരത ഉറപ്പ് വരുത്തി മാത്രം ഇത്തരം പദ്ധതികൾക്ക് അനുമതികൾ നൽകി വരുന്നു. കേരളം ഭൂജല(നിയന്ത്രണവും, ക്രമീകരണവും) ആക്ട് 2002 സെക്ഷൻ 6 പ്രകാരം ഒരു പ്രദേശത്തെ ഭൂജല ചൂഷണം നിയന്ത്രിക്കണമെന്നോ ക്രമീകരിക്കണമെന്നോ ആവശ്യകത ഉള്ള പക്ഷം, ആ പ്രദേശത്തെ 'വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശം' (Notified Area) ആയി പ്രഖ്യാപിച്ചു വരുന്നു. ഇത്തരത്തിൽ വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ ഗാർഹിക ആവശ്യത്തിനുള്ള തുറന്ന കിണറുകൾ ഒഴികെയുള്ള മറ്റെല്ലാ ഭൂജല സ്രോതസ്സുകളുടെ നിർമ്മാണത്തിനും സംസ്ഥാന |

| | | | |
|---|---|---|---|
| | | | ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാണ്. ടി പ്രദേശങ്ങളിൽ ജലം അമിതമായി ഉപയോഗിക്കുന്ന **(Water Intensive)** വിഭാഗത്തിൽപ്പെട്ട വ്യാവസായിക സ്ഥാപനങ്ങൾക്ക് ഭൂജല ഉപയോഗത്തിനായി സംസ്ഥാന ഭൂജല അതോറിറ്റി നിലവിൽ നിരാക്ഷേപപത്രം (NOC) നൽകി വരുന്നില്ല. കൂടാതെ കേരള പഞ്ചായത്ത്/മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് അനുസരിച്ച് ഏതൊരു കിണർ നിർമ്മാണത്തിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിയുടെ മുൻകൂർ പെർമിറ്റ് കരസ്ഥമാക്കേണ്ടത് നിർബന്ധമാണ്. ആയതിൽ കുഴൽ കിണറുകളുടെ നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നത് ഭൂജല വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാകണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ